ജീവനക്കാർ തന്നെ കൂടുതലാണെന്നുള്ളതു കൊണ്ടാണ് പി.എസ്.സി.യുടെ ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കാൻ കഴിയാതെ വന്നിരിക്കുന്നത്. എംപ്ലോയ്മെന്റിൽനിന്നും നിയമിച്ച ജീവനക്കാരെ പിരിച്ചുവിടണമെന്നു ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരം ചില നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ചു പരിശോധിക്കുന്നതാണ്.

(3) നെടുവത്തൂർ നിയോജകമണ്ഡലത്തിലെ പൂഴിക്കടവുപാലം

ശ്രീ. സി. കെ. തങ്കപ്പൻ: സർ, കൊല്ലം—കൊട്ടാരക്കര താലൂക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പൂഴിക്കടവ് പാലത്തിന്റെ പണി എത്രയുംവേഗം പൂർത്തിയാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട്, ആവശ്യപ്പെടാനുള്ളത്. കഴിഞ്ഞ 5 വർഷമായി നിരന്തരമായി ഞാൻ ഈ ആവശ്യം സഭയിൽ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അസംബ്ലി സമ്മേളനത്തിൽത്തന്നെ ഈ പാലത്തിന്റെ പണിപൂർത്തിയാക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പ് നൽകിയതാണ്. ഇതൊരു റിസർവേഷൻ മണ്ഡലമായതുകൊണ്ടാണ് അങ്ങയുടെ ഭാഗത്തുനിന്നും ഈ കാര്യത്തിൽ അവഗണനയും നിഷേധവും ഉള്ളതെന്നാണ് എന്റെ ബലമായ സംശയം. അങ്ങയ്ക്കുതന്നെ നേരിട്ടറിയാവുന്ന കാര്യമാണ്. ഈ പാലത്തിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കണമെന്ന് ഞാൻ ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, പാലത്തിന്റെ പണി പൂർത്തിയാക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെയും ആഗ്രഹം. ഇതുവരെയായി 5 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. ഇനിയും 8 ലക്ഷത്തിൽപ്പരം ചെലവാക്കണം. അടുത്ത ബഡ്ജറ്റ് പാസാക്കുന്നതോടുകൂടിത്തന്നെ അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

(4) കരിമുകളിൽ പ്രവർത്തിക്കുന്ന കാർബൺ ആൻഡ് കെമിക്കൽസിൽനിന്നുയരുന്ന അന്തരീക്ഷ മലിനീകരണ ഭീഷണി

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കരിമുകളിൽ പ്രവർത്തിക്കുന്ന കാർബൺ ബ്ലാക്ക് എന്ന കമ്പനി കരിമുകം എന്ന പേര് ആ പ്രദേശത്തിന് അന്വർത്ഥമാക്കിയിരിക്കുകയാണ്. കരിമുകം ആകെ കരി കൊണ്ടു നിറഞ്ഞിരിക്കുന്നു. അവിടത്തെ വീടുകളും കടകളും വീട്ടുപകരണങ്ങളും മനുഷ്യരുടെ വസ്ത്രങ്ങളും ആകെത്തന്നെ കരി കൊണ്ടുമൂടപ്പെട്ടിരിക്കുകയാണ്. മാത്രമല്ല അവിടെനിന്നും വരുന്ന ദുർഗന്ധം സഹിക്കവയ്യ. അവിടെനിന്നും വരുന്ന മലിന വായു ശ്വസിച്ച് മനുഷ്യർ നിത്യരോഗികളായിത്തീർന്നിരിക്കുന്നു. അവിടെ മനുഷ്യജീവിതം അസാദ്ധ്യമായിത്തീർന്നിരിക്കുന്നു. ഇത്രയേറെ യാതന അനുഭവിക്കുന്ന വിഭാഗം ആളുകൾ മറ്റ് എവിടെയെങ്കിലും ഉണ്ടാകുമോയെന്ന് എനിക്ക് സംശയമാണ്. വളരെ നാളുകളായി കമ്പനി അവിടെ പ്രവർത്തനം തുടങ്ങിയിട്ട്. ഞാൻ തന്നെ ഈ സഭയുടെ ശ്രദ്ധയിൽ രണ്ടുപ്രാവശ്യം ഈ കാര്യം കൊണ്ടുവന്നിട്ടുണ്ട്. പല നിവേദനങ്ങളും ഞാൻ തന്നെ നടത്തിയിട്ടുണ്ട്. ഇതിന്റെപേരിൽ ജനങ്ങൾ അവിടെ പ്രക്ഷോഭണം നടത്തിയിട്ടുണ്ട്. പ്രക്ഷോഭണം നടത്തിയ ജനങ്ങൾക്ക് പോലീസിന്റെ അടിമാത്രമാണ് ലഭിച്ചത്. വേറെ യാതൊന്നും ഇതുവരെ ലഭിച്ചിട്ടില്ല. ഇതുവരെ യാതൊരു നിയന്ത്രണ നടപടിയും എടുത്തിട്ടില്ല. കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ വളരെയേറെ സ്വാധീനമുള്ള ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly